
ജനകീയശതകം

രാഷ്ട്രീയ
വിനോദകാവ്യം

(ചിത്രഭാനു വിനോദമാസികയിൽനിന്നു്, ഹരിപ്പാട്ടു്.)





നാടെല്ലാം സ്വന്തമായീ ചിലരുടെ പിടിയിൽത്തന്നെ കാര്യങ്ങൾ പോയീ
കാടെല്ലാം ചാമ്പലായീ പരമഴിമതിയാൽ നാടിനന്തസ്സുപോയീ
ചോടില്ലാപ്പാത്രമായീ ഖജനപലതരം സംഖ്യചോന്നങ്ങുപോയീ
കോടാലിക്കൈകളായീ ചിലരു കുലമരംവെട്ടുവാൻ കൂട്ടമായി.

ജനകീയശതകം

രാഷ്ട്രീയ
വിനോദകാവ്യം

(ചിത്രഭാനു വിനോദമാസികയിൽനിന്നു്, ഹരിപ്പാട്ട്.)





പ്രസാധകൻ,


R. B. PILLAY,

NEAR T. V. S., ചിന്നക്കട—കൊല്ലം.

1950 വില 8 അണ

ജനകീയശതകം

(വിനോദകാവ്യം)



പാരാതെവർഗ്ഗ്യവിഷവഹ്നിവമിച്ചു കാൺഗ്രസ്-
കാരായതിൻചരിതമാംശതകം രചിപ്പാൻ
ധാരാളമിങ്ങുതുണചെയ്യുക, ക്രിസ്തുവും ശ്രീ
നാരായണനുമുരു പടച്ചവനല്ലതാനും! 1

പണ്ടാര്യധർമ്മമതിൽനിന്നുപിഴച്ചകൂട്ട-
രുണ്ടായിരുന്നവരു ചേരിതിരിഞ്ഞുപോയി,
വേണ്ടാതനത്തിനു മതത്തെ വെടിഞ്ഞമൂല-
മുണ്ടായിതൊട്ടുജനമീ മലയാളനാട്ടിൽ. 2

കണ്ടം പറമ്പിവകളില്ല,വകാശമില്ലാ,
വേണ്ടുന്നതിന്നു വകയില്ലൊരുപള്ളിയില്ലാ,
കണ്ടന്നു കാലടിപണിഞ്ഞവർ നായർതന്റെ
കണ്ടത്തിലും ചില പറമ്പിലുമായി വാസം. 3

ചക്കം, ചിലർക്കു വലയും, പല ചൂണ്ടപിന്നെ
യൊക്കുന്നപോലെ പണമേ പണമെന്നുമോഹം,
നക്കംപദം, പദവികിട്ടുകിലിട്ടവന്റെ
കയ്യും കടിക്കുമിതുമാതിരിപോയികാലം. 4

അച്ചൻതുടങ്ങിയവർതന്നധികാരി മെത്രാ
നച്ചൻതുലോം വലിയപോപ്പിവർസംഘടിച്ചു,
മെച്ചത്തിലായ് പഠനശാലകൾ പള്ളിയെല്ലാം
വച്ചാമതസ്ഥർ പരിവർത്തനവേലചെയ്തു. 5

തേട്ടംപരം പലവിധത്തിലുഴന്ന കന്ന-
ത്തേട്ടെന്ന നായർതറവാട്ടിലെ വസ്തുവൊന്നിൽ
പാട്ടത്തിനേറെ കുടിപാർത്തിതു; കണ്ടമത്രേ
വെട്ടിക്കിളത്തിയതു 'പുള്ളി'യൊരുത്തനന്നാൾ

കണ്ടത്തിലെന്നു ഭവനത്തിനു പേരുമിട്ടു,
കണ്ടംപറമ്പുമൊരുപാട്ടു കരസ്ഥമാക്കി,
ഉണ്ടിപ്പൊഴങ്ങധികമാളുകൾ, കെ. സി. മാമ്മൻ
മണ്ടകരെത്തുടയവൻ ബഹുധാപ്രമാണി 7

വർഗ്ഗീയബുദ്ധിയണുവും കലരാത്തമാന്യൻ
വർഗ്ഗീസുമാപ്പിള വളർന്നവിടെസ്സുശീലൻ,
സ്വർഗ്ഗീയസൗഖ്യമൊടുവാണു, ധനാഗമത്തിൻ
മാർഗ്ഗത്തിലങ്ങിനെ"മനോരമ"യും തുടങ്ങി. 8

ആദ്യംമുതല്ക്കതിനുവേണ്ടതു കോട്ടയത്തെ
വിദ്വജ്ജനങ്ങൾ പല ഹിന്ദുമതസ്ഥർചെയ്തു,
ഗദ്യങ്ങൾ പദ്യമിവയൊക്കെയവർക്കു പണ്ടേ
വിദ്യാപ്രയോഗമൊരു വിസ്മയമായിരുന്നു. 9

കാലം കഴിഞ്ഞു കുറെ, യ"ങ്ങതിയാൻ"മരിച്ചു
കാലപ്പിഴയ്ക്കധിപനായിതു കെ. സി. മാമ്മൻ
മേലിൽതുടങ്ങി കലചിന്തകൾ, പത്രധർമ്മം
പാലിച്ചതാസ്വജനനന്മകൾനോക്കിമാത്രം. 10

സായിപ്പു മേൽഭരണമേററളവന്നു മൈത്രി-
ക്കായിത്തുടങ്ങിയവർ തൻപരിചര്യയെല്ലാം
സ്വായിക്കവേണ്ടിയിവിടെബ്ഭരണാധിപക്ഷം
[redacted]ത്തുടങ്ങിമമതാ സ്വമതാഭിമാനേ. 11

വില്ലിംഗ്ടനാം ധുരയുരച്ചിഹ "ഞാനുമെന്റെ
വല്യമ്മയും പെട്ടവതാം മതവാസികൾക്കും
തെല്ലും വികല്പമിയലാതെ ഭരിക്ക"യെന്നാ-
യെല്ലാംശരിക്കു നൃപരും നിറവേറിവന്നു. 12

ന്യായസ്ഥനാം ഭുവികുലീനനുമായ കൃഷ്ണൻ-
നായർദ്ദിവാൻഭരണമേററദിനംമുതല്ക്കേ,
നായക്കു നന്മവരുമെന്നു വൃഥാനിനച്ചു
[illegible]ംകലന്നിഹ"മനോരമ"മട്ടുമാറി. 13

ഉദ്യോഗമൊക്കെയിവിട്ടുള്ളതവക്കുവേണ-
മാദ്യംപതിച്ചിടണമീമല,കായലെല്ലാം,
വിദ്യാലയങ്ങൾമുഴുവൻ തനതാക്കണംപോ-
ലദ്യാപകേൾപ്പുശിവനേ! പുനരന്തരിക്ഷം! 14

ക്ഷേത്രംപൊളിച്ചിവിടെനല്ലൊരുപള്ളിവേണം
മെത്രാൻകരംകനിവിൽമുത്തണമാരുമൊപ്പം,
പത്രംനടത്തുവതു ക്രസ്തുവിൽ വിശ്വസിപ്പാൻ-
മാത്രം;പുലത്തണമവക്കൊരുക്രസ്തുരാജ്യം! 15

നസ്രാണിനാട്ടപലനാളുഭരിച്ചുപോലും!
ഇസ്രായലാണു മലനാടിതു പണ്ടുപോലും!
നസ്രാണിമാർ ചിലരു,ചിത്രമെഴുത്തു കേ എം,
'ഐസീ'തുടങ്ങിയവർ തട്ടിവിടാൻതുടങ്ങീ! 16

പിന്നീടുവന്നൊരു ദിവാനിജി രാംഘവയ്യാ-
യിന്നാട്ടിലേ നിയമസംഘമലങ്കരിച്ചു
അന്നാദ്യമങ്ങു തിരുവല്ലയിൽവച്ചൊരോട്ടിൽ
ഭിന്നാശയങ്ങൾ മുറുകാനിടവന്നുകൂടി. 17

കാര്യസ്ഥനായ പരമേശ്വരപിള്ള ജോണും
വീര്യത്തൊടോട്ടിനു പിണങ്ങിയമൂലമാർഷീ
വൈരംവെടിഞ്ഞു;വിജയംവിധിയന്നുചങ്ങനാ-
ശേരിക്കുനൽകിയതു ക്രൈസ്തവനസൂയയായീ. 18

"കണ്ടത്തി"ൽനിന്നതു കിളിത്തുവളൻവന്നു
വീണ്ടുംപടന്നിഹ മികച്ചൊ"രി[illegible]"യിങ്കൽ
രണ്ടില്ലപക്ഷമിവിടീമതവൈകൃത്യവല്ലി,
പണ്ടാ'സ്സുഭാഷിണി'പറഞ്ഞവിധം തഴച്ചു. 19

പിന്നെപ്പരിഷ്കൃതനിയോജകമണ്ഡലത്തിൽ
ഭിന്നിച്ചുസംവരണസംഖ്യയിൽ വാദമായീ
ഒന്നിച്ചുകിട്ടണമവക്കെങ്ങിയോരെയെണ്ണി,
എന്നിട്ടുമല്ലിനു"നിവത്തന"മാചരിച്ചു. 20

സ്സായിപ്പുതങ്ങടെ മതസ്ഥ,നവൻഗമിച്ചാൽ
പോയിപ്പൊഴുള്ളപിടിയെന്നു നിനയ്ക്കയാലേ,
പോയില്ലൊരുത്തനുമതേവരെ "മിസ്റ്റർഗാന്ധി"
യായിപ്പൊരുത്തമിയലാതിഹ കാൺഗ്രസ്സിൽ. 21

കാൺഗ്രസ്സു "നിസ്സഹകരിക്കുക" എന്ന വാക്കു,
കൺമുമ്പിൽവയ്ക്കിലുമതിങ്കൽവെറുപ്പുമൂലം
കാൺകെത്രകണ്ടുവിഷമിച്ചു!"നിവത്തന"ത്തി-
നാൺഭാഷയല്ലതുമഹോ! ബഹുചന്തമായീ. 22

ക്രൂസ്തീയതന്ത്രമറിയാതവർ വാക്കുകേട്ടു
ഹസ്താവലംബനിലയീഴവരാചരിച്ചു
മുസ്താ തുടങ്ങി മുസിലീമുകളററമില്ലാ
[illegible]ാനമായതിനു"മുപ്പിരി"യെന്നുപേരും! 23



അപ്പം. പുളച്ചവർ മുറയ്ക്കുതുടങ്ങി നായർ
സംഹാരമന്ത്രമുരുവിട്ടു കുറച്ചുകാലം
ഉൗഹാതിരിക്തമിളകീട്ടു പണംപിരിച്ചു
"സ്വാഹാ"കഴിച്ചു പല നേതൃജനംതഴച്ചു! 24

ശ്രീരിപ്പുമോദമൊടു കേശവനന്നു കോഴം-
ചേരിൽ പ്രസംഗസമയം മതിയുംമറന്നു
വാരിച്ചൊരിഞ്ഞു പലതും വിടുവായനെന്ന-
പേരുംപിടിച്ചു! നൃപനിന്ദയിൽമത്തടിച്ചു! 25

ദ്വേഷിച്ചു വാവലിയകേശവനന്നു കൊട്ടി-
ഘോഷിച്ചതൊക്കെയറിയാതെചൂരക്കെഴുത്തിൽ
വേഷംമറച്ചുവിടെനിന്നവരേകി, രാജ-
ദ്വേഷംചുമത്തിയുടനേ തടവിൽപെടുത്തീ! 26

കേസിൽകുടുങ്ങിയവനേ വിടുവിക്കുവാനായ്
പീസില്ലവാദമതുഭംഗിയിൽ നിർവ്വഹിച്ചു
ക്രാസിൽ പ്രസിദ്ധിയെഴുമുന്നതബുദ്ധിമാൻ വ-
ർഗ്ഗീസിനുകീർത്തിയതിനാലധികം ഭവിച്ചു. 27

മള്ളൂർനടത്തി ഗവർമ്മെൻറിനുവേണ്ടിവാദം
ഭള്ളോതുകല്ല ശരിയാണതു മർമ്മഭേദ്യം
എള്ളോളമില്ലിഹ കൃതജ്ഞതയിത്തരക്കാ-
ർക്കുള്ളോരു രാജപദഭക്തിയുമെത്ര ചിത്രം! 28

"മാർത്താണ്ഡവർമ്മ നിജവൈരികളേവധിച്ചു,
തീർത്തന്നുബാലവനിതാദ്യരെ ദാശരാക്കീ,
അക്കൂട്ടരെപ്പതിയകൃസ്ത്യരു മാമ്മൊദീസാ-
മുക്കീട്ടുകൂട്ടി നൃപവൈരികളപ്പൊഴാരായ്?" 29

ശിക്ഷിച്ചു; തൻെറ ജയിൽജീവിതചര്യയിന്നാൾ
സൂക്ഷിച്ചിടാതെപറയാനിടയായി സീ. കേ.
ഭക്ഷിച്ചിടാം സസുഖമങ്ങഥ കാശ്ശുബാക്കി
സൂക്ഷിച്ചിടാം!" അവിടെ"യാതന"യില്ല
പോലും! 30

സീ. കേശവൻ വെളിയിൽവന്നു;തനിക്കുവേണ്ടി
യാക്കേസ്നടത്തി മമതാപഥസൃഷ്ടിചെയ്തു
അക്കേസരീന്ദ്രനികടം ചെറുപൂച്ചപോലെ
ഇക്കേശവൻപുനരടുക്കളെയോളമെത്തി. 31

ആ! മന്ത്രിമാർ പലരുവന്നുപദേശി രാമ-
സ്വാമിക്കുതന്നെ സചിവോത്തമനാമമേകി!
ധീമാൻനിനച്ചി[illegible]ൻ ശ്രീപത്മനാഭ-
സ്വ[illegible]ങ്ങൾക്കിയൊരു ഹൈന്ദവരാജ്യമെ-
ന്നായ്! 32

ക്രിസ്ത്യാനികൾക്കഹിതമാകിയ മൂന്നുകാര്യം
സ്വാത്ഥ്യർഹമായി നിറവേററിയിരുന്നു സീ. പീ.
പ്രത്യസ്രമൊന്നുമറിയാതെ വിഷണ്ണരായി
ക്രിസ്ത്യാനികൾക്കു പൊതുവായി "മനപ്രയാസം"

ക്ഷേത്രപ്രവേശനമധഃകൃത ക്രിസ്തുമാർഗ്ഗ-
യാത്രയ്ക്കു ഭംഗമതുമല്ല, തിരിച്ചെട്ടക്കാം!!
ചൈത്രക്ഷിതീശനെ മഹാത്മജിവന്നുവാഴ്ത്തീ,
യാത്രയ്ക്കുനന്മയതു ഭാരതഭ്രവിനേററി! 34

രാജാജിവന്നു "മൃതപുത്രരെ വീണ്ടുകണ്ടു!"
രാജാവിനോടു ബഹുനന്ദിപറഞ്ഞുപോയീ,
ത്യാഗത്തിനാണു വിലയെന്നിലിതിൽക്കവിഞ്ഞ-
ത്യാഗംവിളിച്ചുപറയട്ടിഹ "യാതന"ക്കാർ! 35

അല്ലായ്കിലിന്നു ചെറുതായൊരധഃകൃതസ്ഥാൻ
സൊല്ലയ്ക്കു സാദ്ധ്യമിഹ പകുത്തുകൊടുത്തു പോകും!
ശല്യംനൂപന്നുകരുതീടുകിൽ നന്ദികേടെ-
ന്നല്ലാതെയെന്തുപറയാം കുലശീലമത്രേ. 36

കള്ളക്കണക്കെഴുതിയന്യധനങ്ങളേറെ
കൊള്ളയ്ക്കടിച്ചു വിരുതിൽ ച്ചില ബാങ്കറന്മാർ,
പൊള്ളത്തരത്തിനു പൊളിച്ചതു സീപി,മാത്ത-
ന്നുള്ളംകിടുങ്ങിയൊടുവിൽ തടവിൽകുടുങ്ങീ! 37

മാത്തച്ചനോടടവിനൊത്തൊരുനാശകൊ-
യ്ലോ-
ണൊത്തുള്ള ബാങ്കർകിഴവൻബത! കേ സി.
മാമ്മൻ,
അത്തതപമൊത്തുടനെ മൂപ്പരുമാപ്പിലായീ
"വിത്തക്കൊതിക്കുവിരുതക്വരുന്നബന്ധം!" 38

പൂജപ്പുരപ്പൊരുത! പുല്ലുപറിച്ചുകൊണ്ടു
വ്യാജപ്പയററിനു പലേപണിയും 'പണിഞ്ഞു!'
ഹാ! ജല്പനംപലതുകൊണ്ടുമനോരമയ്ക്കും
രാജപ്രകോപനവിധത്തിൽ മുടക്കമായീ! 39

ഇക്കാരണങ്ങളുടിയിൽക്കരുതിത്തനിച്ചു
നില്ക്കാൻനിനച്ചുപലതും പണിചെയ്തുനോക്കി,
ആത്തോംമുഖേന മുഖരീകൃതമാക്കി രാജ്യേ
ക്രിസ്തീയമർദ്ദനരവംബത! പർലമെൻറിൽ! 40

ഒത്തില്ലതൊന്നുമൊടുവിൽ പണിപററുകില്ലാ,
പുത്തൻവഴിക്കു പരിപാടി തുടങ്ങിടേണം,
അത്തപ്പിലാ നിയമസംഘവിഹാരി സീപീ-
യദ്ധ്യക്ഷനായ്ചില മറിപ്പുകളാചരിച്ചു! 41

ഡെപ്യൂട്ടിയെന്ന പദവിക്കു കൊതിച്ചു,കിട്ടി;
യപ്പോലെപോയപരനായതിൽനിന്നുതോററു!
ഇപ്പോളുവച്ചിരുവർ വൈരികളായി; സീ. പീ-
ക്കപ്പട്ടവും പദവിപോയ വറീതുമത്രേ. 42

വർഗ്ഗീയതൃക്ഷവിഷജൃംഭിതഗന്ധമൊത്ത
വർഗ്ഗീസുകുട്ടരു സഹിച്ചിടുമോ വിരോധം,
സ്വർഗ്ഗീയഗംഗഭുവിചേർത്ത ഭഗീരഥന്റെ
മാർഗ്ഗത്തിലങ്ങിനെ കടുംപണിചെയ്തു "പുള്ളി."

മെത്രാച്ചനും പലമിടുക്കരുമായ് സ്വകാര്യ-
മാത്രപ്രസക്തിയൊടു ചിന്തതുടങ്ങി ടീ. എം.
പത്രാധിപപ്രഭൃതികൂടിയ കാൺഫറൻസിൽ
വൃത്താകൃതിയ്ക്കുവരു മേശയടുത്തിരുന്നു! 44

"ഗാന്ധിപ്രവത്തനവിധത്തിലൊരിക്കലിൻഡ്യാ
സന്ധിച്ചിടാം വിജയ,മായതിൽ നമ്മളാരും
ബന്ധിച്ചതില്ലുടനെ നാം ഖദർവാങ്ങിടേണം
ഗാന്ധിക്കു ജേ!വിളികളങ്ങു മുഴക്കിടേണം. 45

ൽക്കാലമുള്ളിലൊരുകോണിലൊതുക്കിവെച്ചാ-
ഗ്ഗ്ഗീയവക്രത,നിവർത്തനമുറ്റിരിക്കാർ;
ാൺഗ്രസ്സിലായ്, ഖദരെടുത്തു, വിളിച്ചുകീജേ!
ംഘംവളൻ, പരിശുദ്ധരതിൽക്കരുങ്ങി! 46

ട്ടിനുമാറവുസമയായവുമൊന്നുകൂടാം
ട്ടത്തിനോട്ടമൊരുമിച്ചിഹ കാൺഗ്രസ്സിൽ,
ട്ടത്തിലാക്കണമുടൻബത! സീ. പി-യേയി-
ട്ടിൽത്തുടങ്ങിയവർ തങ്ങടെയിംഗിതങ്ങാം? 47

കിട്ടുള്ളവർമുടക്കണമുടൻ പഠനങ്ങൾ: താണം-
പിള്ളയും ജേ!വിളികൾ കൃസ്ത്യർ മുഴക്കിടേണം,
ഉള്ളും കുറച്ചുചിലവാക്കണ,മങ്ങുനായർ
ിള്ളരെമുമ്പിൽവിടണംശരണംഗമിക്കാം!48

പട്ടെന്നുവന്നു ഖദറിന്നുവിലക്കയററം,
ട്ടത്തിനേത്തലയിൽവച്ചുനടിച്ചുദേശ്യം
പാട്ടന്നതന്നു തിരിവില്ല,വർ സീപ്പിയെന്ന
പട്ടന്നുപാരകരുതീട്ടകയായിരുന്നു! 49

സ്ത്രീയതല്പരതകൊണ്ടുപണംമുടക്കി,
പ്രസ്ഥാനമങ്ങിനെ നവംബിസിനസ്സമാക്കി,
പ്രസ്താവ്യമായിനിയുമാണിഹ കാൺഗ്രസ്സിൻ
വിസ്താരമായകഥ വിസ്മയജന്യമേററം. 50

സ്ത്രീസു "പട്ടമതിയാൻ ബഹുപാവമെന്ന
ർഗ്ഗത്തിലങ്ങനെയടുത്തതിഃസവക്കുടീ,
തക്കൾ'പുള്ളികളെ'വേണ്ടവിധം മനസ്സി-
ാക്കാൻ പ്രയാസ,മതിലില്ലവടക്കരാരും." 51

ായക്കചിന്തചിലപള്ളിയിൽവച്ചു, തിങ്ക-
ായാൽ കലങ്കപലപാലമതും പൊളിക്കാം,
ായക്കപേരിനൊരുമങ്ങനെ മുമ്പിൽനിന്നും
ായങ്ങചാലമരവുംപലതും മുടിയ്ക്കും! 52

അക്കാര്യമൊക്കെമുറപോലെയെടുത്തുകേസിൽ
മുക്കാലുമങ്ങുതടവും പിഴയും വിധിച്ചു!
ധിക്കാരമിങ്ങനെ 'നിവർത്തന'നവ്യവേഷം
പൂക്കാൻ തുറങ്കിലവർ പട്ടവുമൊട്ടുപേരും 53

"ആ ച്ചായനാണവിടെ ...
വച്ചേക്കയില്ലയിതിയാനെയുടൻ തുരത്തും!"
ഇച്ചുല്യ കണ്ടുനെറികെട്ടൊരുമെമ്മൊറാണ്ട-
മച്ചേവടിക്കവർ സമർപ്പണമന്നുചെയ്തു. 54

സീ. പി-യ്ക്കു ക്രൂരലണവില്ല, മമതപമുള്ള
സായ്പും മദാമ്മയുമിരിക്കകിലെന്തുപററാൻ?
ഒപ്പിട്ടപോൽ തിരിയെയായതു പിൻവലിക്കാ-
നേപ്പാട്ടചെയ്തതിനു ഗാന്ധിയൊഴീഷ്യയായി 55

നന്ദിച്ചു തന്നരികിൽ വാണറിവുള്ള രാമ-
ചന്ദ്രാദി സംസ്കൃതിയെഴുന്നവരുള്ളമൂലം
നന്നായ്,നിനച്ചിവിടെയുള്ളൊരു കാൺഗറസു-
മെന്നാ മഹാത്മജി, യനർഘരതേ ധരിക്കൂ! 56

കാൺഗ്രസ്സിനിത്ര്യയിലശേഷവുമാനുകൂല്യം
ത്യാഗത്തിനൊത്തുവരുമെന്നിഹകണ്ടനേരം
ഹാ!ഗാന്ധിയൻനയമവർപിടിച്ചു!! ജയ്‌ലി-
ലാകാൻ തിടുക്കമൊട്ടു 'പുള്ളികൾ' വേലചെയ്തു.

ചിത്രാകൃതിക്ക ഭരണത്തിനുമാററമുണ്ടായ്
മെത്രാൻ ഭരിക്കണമതാണൊരു നവ്യദേശ്യം!
പത്രാദ്യുപായമൊട്ടുകോട്ടയമാക്കികേന്ദ്രം
മെത്രാച്ചനാണുഭരണം മറവികലിന്നും! 58

മുക്കാലുമല്ല, മുഴവൻശിശുവിദ്യ സീ. പീ-
സക്കാരെടുത്തുതുടരുന്നതിനുദ്യമിക്കേ,
മിത്രസ്ഥരായവരിലുള്ളൊരു കാത്തലിക്കാ
മെത്രാൻമുഖാന്തിരമെതിർത്തു,മടുത്തുസീ. പീ. 59

കഞ്ഞോട്ടകൾക്കിടയലേഖനമേകി, "ക്രസ്ത്യൻ
കുഞ്ഞുങ്ങൾവാഴ്ക! സ്വതന്ത്രം, തനതന്തരീക്ഷം
സൃഷ്ടിച്ച[illegible]ത്തിനെട്ടുകേരളത്തിൽവാ"ളീ-
[illegible]ന്ന, ശക്തനൊട്ടുപോലിനിയെന്തുമാകാം. 60

മന്നംതുടങ്ങിയവർ നാഷനൽ കാൺഗ്രസ്സി-
ലൊന്നിച്ചുനിന്ന 'തിരുമേനിയതൊന്നുപോരും'
എന്നുംപറഞ്ഞവരു രാജവശംഗമിച്ചും
നന്ദിച്ചുനിന്നു; കഥപിന്നെമറിഞ്ഞുപോയീ! 61

തെല്ലല്ലയാതനഭവിച്ചതവർക്ക്, ക്രസ്ത്യൻ
കല്ലേർപിടിച്ചു തിരുമേനിയിടം കരഞ്ഞു!
ഇല്ലിന്നശല്യമവിടേയ്ക്കു"; കഷണ്ടിയുള്ള
പല്ലും കടിച്ചതുസഹിച്ചുനടന്നകൊള്ളും. 62

"നിർവ്വാഹമില്ലിവിടെയുഴവർതന്നെപോരാ
സർവ്വീസൊസൈററിയൊടെട്ടുകണ"മെന്നുനണ്ണി
ഗർവ്വുന്ന സിപ്പിയൊടുവന്നിട്ടുവാൻ പറഞ്ഞ
ദുർവ്വാക്കുകേട്ടുബത മന്നമടിഞ്ഞുപോയീ. 63

വർഗ്ഗീയസെറിഞ്ഞ ചെറുവൃണ്ടലിദായി മന്നം,
മാർഗ്ഗംപിഴച്ചൊരുവരോടുപറഞ്ഞിടാതെ,
തർക്കത്തിലാമുതുകളത്തൊരു ലച്ചർചെയ്തു-
ഭോഷ്കിന്ന്; സിപ്പിയഥ ഡെൽഹിലായിരുന്നു.

തെല്ലുണ്ടശല്യമെലിയാലതുകൊണ്ടുതന്റെ-
യില്ലംചുടുന്നവിധമാണഭവിച്ചതിപ്പോൾ
നല്ലോരു ഹിന്ദുമതസംസ്കൃതരാമരാജ്യ-
മല്ലോ കളഞ്ഞു! "ജനശക്തിയിൽനില്ക്കമേതും"

പററിച്ചു! പിന്നെയവരാ"ത്തിരുമേനി"തന്റെ
യൂററംപെടുന്നരമനയ്ക്കകമേവരുത്തീ,
ഏററം സമത്ഥരവിടന്നൊരു പള്ളിതന്റെ
മററത്തുവച്ചുപറയിച്ചതു സഖ്യസത്യം. 66

"ഞാൻ സ്വാമിയോടെതിരുനില്ക്കുകയില്ലയന്ത്യ-
ശ്വാസംവരയ്ക്കു"മിദമോതിയൊരിക്കൽ മന്നം
ആശാരികററമതുമാത്തടിതൻവളപ്പു-
മാശാനക്രലഫലമേകിയതില്ല കഷ്ടം! 67

മന്നത്തിനും തടവുശിക്ഷലഭിച്ചു! ശേഷ
വൃന്ദത്തിനേത്തടവിൽവച്ചുഭരിച്ചുസിപ്പി,
എന്നല്ല, പേട്ടവയലാറിവ കുപ്രസിദ്ധി-
യന്നേററമാക്കി ജനമത്രവെറുത്തുപോയീ. 68

ബ്രിട്ടീഷുകാരുടെ കടന്ന കരപ്രയോഗ-
മൊട്ടുംപൊറാഞ്ഞൊരു വിരക്തസുഭക്തനായി
പാട്ടിൽപരം പ്രിയമെഴും കവിരാജമൗലി-
യൊട്ടേറെയിന്നി[illegible]തനി ദേശ്യവാദി, 69

"സ്വാതി"ക്കെഴും ചരമസദ്ഗുരുതവാഷികത്തിൽ
ഖ്യാതിക്കുമേലുമധികം തുടരും ദിനത്തിൽ
സാധിച്ചുകാര്യമവർ സീ. പി. യെ വെട്ടിയാരോ?
ബോധിച്ചവർക്കഹഹ! സി. പി. പറന്നുപോയി
(യുഗ്മകം),

അമ്പമ്പ! പള്ളികളിലേമണി നീണ്ടടിച്ചു
തമ്പേറടിച്ചവരുപാടിയഹോ! രസിച്ചു
വമ്പേരെഴും ചെറിയരാജ്യമിതുംതുലച്ചു
സംപൂർണ്ണമായവർകൊതിച്ചൊരുതോന്ന്യവാസം

ദേശാഭിമാനിയുടെയസ്ഥിയെടുത്തുനമ്മൾ-
ക്കാശ്വാസമേകി പുതുമാപ്പിള കമ്പളത്താൻ
വെള്ളമ്പലസ്സഭയിൽ "സി. പി. യെ വെട്ടി
യോനെ-
ന്നുള്ളാകരത്തി"ലുരചെയ്തിതു ഗാന്ധിഭക്തൻ 72

പിന്നെ ഭരിച്ചു ചിലനാളുകൾ ജീ. പി. എന്നം-
മുണ്ണിത്തനൊട്ടു ശരിയായി നടത്തിവേഗം
തന്നേകൊടുത്തു പുതുമന്ത്രിസഭയ്ക്കുകാര്യ-
മന്നേകഴിഞ്ഞിതിവിടെ ഹിന്ദുജനാധിപത്യം. 73

ല്ലകാലമന്ത്രിസഭലീഡറു പട്ടമായി-
കേശവന്നുമതിൽ മേൽഗതി വന്നുചേർന്നു
ാപ്പാനപോലിൽവരേക്കയറിൽകടിച്ചാ-
ള്ളക്കുനമ്മുടെ വറീതിനു പാട്ടിലാക്കി. 74

ഹിപ്രേക്ഷ്യകനെയവക്കുവെളിക്കുകിട്ടാൻ
കാളിക്കണം പുറകിലൊക്കെവഹിച്ചുകൊള്ളും
കാള്ളില്ല ചൊല്ലപ്പടിവരില്ലവനെന്നുകണ്ടാൽ
ള്ളീട്ടു പുത്തനൊരു കള്ളനെയുള്ളിലാക്കും. 75

തുശിച്ചപോലവർ വശത്തിനുവന്നുവിദ്യാ-
്യാസത്തുറയ്ക്കധിപമന്ത്രിവറീതുമായി
കാശിക്കതന്നെ ഡയറക്ടരുവേലപിന്നെ
മാശത്തിനില്ലവഴിതങ്ങടെ നാട്ടുതന്നെ. 76

ട്ടമ്പിനായരെയൊരുത്തനെ വേണമെങ്കിൽ
പട്ടെന്നു പത്രവഴി നേതൃപദത്തിലാക്കും
ാട്ടിൽപെടുത്തിയിഹ കമ്പളമാദിയായ
ചാട്ടാപ്രമാണികളവക്കു കരസ്ഥമായി. 77


യ്ക്കുലിയും കുരളയും ചില നക്കപിച്ച-
യാക്കുന്നപോലവരെയങ്ങുവിലയ്ക്കെടുത്തു
ഇച്ചിത്രമമ്മയറികിൽ തനയൻെറ ഗർ-
വിഷരിദ്രിയനുഭവിയാഞ്ഞുകരഞ്ഞുപോകും. 78

പിള്ളേരുപേട്ടയിലുമാവയലാർജനങ്ങ-
ളെല്ലാരുമാണിതുവഹിച്ചതുവിപ്ലവത്താൽ
തള്ളക്കരങ്ങനിജ കൊച്ചുകരങ്ങകയ്യാൽ
പൊള്ളുന്നവസ്ഥചരതിച്ചധനക്കിടുംപോൽ. 79

കുട്ടിക്കുശീലമതിടുന്നതുപോലെയെന്ന
മട്ടായിവക്കുമെതിരായി തിരിഞ്ഞടിച്ചു
സ്റ്റ്റൈക്കെന്നവിദ്യസകലത്തിനുമായ് ഗുരുതാം
വില്ക്കുന്നതിനുവഴിവച്ചുതുലച്ചുസർവ്വം. 80

നല്ലോരുകാര്യമതു സീ. പി. പറഞ്ഞതെങ്കി-
ലില്ലിന്നുമേന്മയതു മാറുകതന്നെവേണം
"തൊല്ലയ്ക്കുതന്നെയിവർനല്ലതിലൊന്നു
ചെയ്‌വാൻ
തെല്ലുംതരം തരികയില്ലി"ദമോതി "പട്ടം" 81

നിർബ്ബന്ധമായ് പ്രഥമവിദ്യകൾ പാഠശാല
നിർബ്ബാധമായുടനെ ദേശ്യമതാക്കിടേണം
നിർബ്ബന്ധമിങ്ങനെ പിടിച്ചിതു പട്ടമന്ത്രി-
യപ്പൊതട്ടിനിജകപ്പലുടഞ്ഞുപോയി. 82



പട്ടം സ്വയം ചിലതിനൊക്കെമറുത്തുകാര്യം
പട്ടത്തിലെന്നുകരുതീട്ടു രഹസ്യമായി
പട്ടമ്പിമെമ്പറുമതേനയവിശ്വസിക്കും-
മട്ടിൽപ്രമേയമവർ മന്ത്രിസഭയ്ക്കുനല്കി. 83

കല്പിട്ടപോൽ പലരുംപാറലുമെൻറിയല്ല-
യൊപ്പിക്കയാണതു ധരിച്ചതുമില്ലപാവം
ഇപ്പോഴാംനമുക്കു പിരിയാമിതിക്രൂട്ടർചൊന്ന-
തപ്പോൽധരിച്ചുടനെരാജികൊടുത്തിറങ്ങി. 84

പട്ടംതിരിഞ്ഞു പുറകോട്ടഥ നോക്കിയപ്പോൾ
സ്വല്പം സഖാക്കളിരുപേരുമകത്തുതന്നെ
പററിച്ചകാര്യമവർ വൻചതിവിൽപ്രശസ്തി
പററിബ്ഷരിച്ചപലരീവിധമായിരുന്നു. 85

കൊമ്പൻെറവാലതുപിടിച്ചുനടന്നൊട്ടുക്കം
ചമ്പൻ മുരത്തിന മലത്തിയടിച്ചുകുത്തും
കുംഭീന്ദ്രവരഗ്ഗമതിലിങ്ങിനെ ഞ മാ
കൊമ്പൻവഴിതന്നെ നടത്തിയടിഞ്ഞുപട്ടം. 86

പട്ടംപറഞ്ഞൊരുദിനംനിജകോൺഗ്രസ്സിൽ
കുററിത്തുറപ്പുകൾ ജയിക്കണമോട്ടിലെന്നായ്
തെററില്ലതിന്നവകൾതന്നെയടിച്ചുതള്ളി
കുററിത്തുറപ്പുകളതിൻതൊഴിലാചരിച്ചു. 87



വർഗ്ഗീസു ടി.കെ. യൊടുചൊന്നിതു "സ്വപ്നമെൻെറ
മാർഗ്ഗത്തിലെന്നതു ശരിക്കു ധരിച്ചിടേണം
വക്ത്തിനിന്നുപറയുന്നതുപോലെകേട്ടാ-
ലാകുന്നതുണ്ടിവിടെനിങ്ങളെ ലീഡറായി." 88

"ഓഹോനമുക്കു ബഹുസമ്മതമാണുസത്യം
മോഹിക്കയില്ലതനതെന്നിയെരാജ്യകാര്യം
ഊഹിച്ചപോലെപെരുമാറുക രാജ്യനന്മ
മോഹിച്ചവൻെറ കഥഞാനറിയുന്നതില്ലേ?" 89

അക്കാലമങ്ങിനെ വിശേഷമൊടൊപ്പിയാന്മാ-
രൊക്കെപ്പിടിച്ചുടനെ ടി. കെ. യെ ലീഡറാക്കി
മുക്കാലുമന്നുഹയലൊക്കെയടിഞ്ഞു "വാരി-
ക്കാട്ടെന്ന" ക്രിസ്തുഭവനത്തിൽ വഴീതുമുന്നിൽ. 90

കയ്ക്കൂലിയും സ്വജനനന്മയുംപാർക്കൺട്രാക്-
റെറാക്കെപ്പിടിച്ചു വനമൊക്കെമുടിച്ചിടുന്നു
ഇക്കാര്യമോർത്തു കൊതിയുള്ളവർ വേണമെങ്കിൽ
തല്ക്കാലമായവരു ക്രിസ്തുവിൽ വിശ്വസിപ്പിൻ!!

ാല്ലില്ല ഹിന്ദുസരസൻ ചിലവിററടിക്കും
ൽക്കാവ്യഭംഗിയിലെഴുത്തിലവൻചതയ്ക്കും
ക്കത്തിൽമററവരുമൗനമൊടങ്ങുകാര്യം
ററിക്കുമൊന്നിനുമവക്കൊരുന്നാണമില്ല. 92

ല്ലാ... ഹാഹ! മന്നമുരച്ചപഞ്ച-
ല്യാണിഭാഷയതുചിത്രമെഴുത്തു കെ. എം.
ല്ലല്ലകേട്ടതിതുനാംവരെയാത്തമഹത്വ-
ില്ലാശയെന്ന തെളിവിന്നുനമുക്കുകാണാം. 93

യക്കൊരുത്തനൊരുജോലിലഭിച്ചുവെങ്കിൽ
ായംപറഞ്ഞവരുനാൽവരെ ഏററിവയ്ക്കും
സ്ത്യാനിഎുകനൊരുശിക്ഷകൊടുത്തു
പോയാൽ
ിസ്തുക്മെഞ്ചു "പുറജാതികൾ" പോക്കുതന്നെ.

കേ. കൊച്ചിയണച്ചിടാൻ കൊതിയോടീ
നാട്ടാരൊടോതാതെക-
ണ്ടാക്കെബ്ബേ ച്ചഥ വി. പി. മേനവനൊടും
യോജിച്ചു സാധിച്ചുപോൽ
എക്യത്തിന്നിതു കേരളാവനിയിലേ
മാലോകരാലോകനം
ക്കത്തിൽ സ്വയരക്ഷമാത്രമിതിലും
വാഞ്ഛിച്ചുവഞ്ചിച്ചുപോൽ. 95

ിദ്യാഭ്യാസം തുലച്ചു വിവിധതരകരം
താണവക്കേററിവച്ചു
ാദ്ധ്യാന്മാരെച്ചതിച്ചു സമതവെറുതെയാ
വാക്കിൽമാത്രം ഭവിച്ചു
ദ്യോഗം പങ്കുവച്ചു മതമമതയോടും
യാതനയ്ക്കേന്നുറച്ചു
ദ്യോതംപോൽകളിച്ചു ഖലവശഗതരാ-
മൊപ്പിയാൻമാർ മദിച്ചു. 96

വസ്ത്രാക്ഷേപം നടത്താമൊരുവനബലയോ
ടന്നുസക്കാരുവക്കീൽ
വിസ്താരം പിൻതിരിക്കാം ജഡ്ജിയെതിരിലും
ശമ്പളം കൂട്ടിവെയ്ക്കാം
മിസ്ത്രസ്സിൽ കൈകടത്താമൊളിവിലൊരുവനാ
വൻകറൻേററെ വിൽക്കാം
കൃസ്ത്യാനിക്കെന്തുമാവാമിവിടെയിവിടമാ-
ണായവൻ സ്വർഗ്ഗരാജ്യം. 97

ദേവസ്വത്തിന്നുകേന്ദ്രം ചിലവിനമൊരര-
ക്കോടിരൂപാ കൊടുത്ത-
ന്നാവേശം പൂണ്ടിടുന്നു പിരളിയധികമായ്
കോട്ടയം ക്രിസ്ത്യപത്രം
ചെപ്പേട്ടും മററുപള്ളിക്കുറികളുമെതിരാ-
യുണ്ടവക്കൊന്നുമില്ലി-
ങ്ങെപ്പേർപ്പെട്ടുള്ളവസ്തുക്കളുമവരുതക-
പ്പൻേറയാക്കിപ്പതിക്കും. 98

പേടിച്ചീമന്ത്രിമാരാം മദകരികൾമഹാ
വൎഗ്ഗ്യമാംകുഞ്ചിരോമം
കൂടുംവർഗ്ഗീസുസിംഹത്തടിയനു തലയും
താഴ്ത്തുവാഴുന്നുകഷ്ടം!
കൂടിൻതാക്കോലു മെത്രാൻവിരലിലഥ കറ-
ക്കുന്നു പണ്ടേക്കണെക്കീ-
നാട്ടിൻ സാചിവ്യസംഘം പൊടിവതിനിടയാ-
ക്കാത്ത സ്വാതന്ത്ര്യംജയിപ്പൂ. 99

എമ്മല്ലേമാരെടുത്തു സകലവിധ കരി-
ഞ്ചെന്തയും കോ[illegible]ങ്ങി
ചെ[illegible]ഴിപ്പാർട്ടുമെൻറിന്നധിപരെവിഷമി-
പ്പിച്ചു നേടുന്നകാര്യം
തെമ്മാടിച്ചെസ്റ്റിമൂലം തടവിൽ മരുവിയോ-
രൊക്കെയും "യാതനക്കാ"ർ
സമ്മാനം രൂപ പന്ത്രണ്ടരതികയണമാ
ലക്ഷ്മവും ലക്ഷ്യമായി. 100


ടി. കെ. നാരണപിള്ള തന്നെ ദളവാ
നമ്പൂരിതൻ ജന്മമാ-
ണക്കേൾവിപ്പെട്ടുമുഗ്രനായ തരകൻ
വർഗ്ഗീസ്സഹോ മാത്തുവാം
വമ്പന്മാരുടെ സംപ്രദായമിവിടെ-
ക്കണ്ടിട്ടുടൻ "യാതന"
കമ്പിൽതമ്പിവരും മുറയ്ക്കിനിയുമീ
വേണാട്ടിലാണില്ലയോ? 101

നാടെല്ലാം സ്വന്തമായീ ചിലരുടെ പിടിയിൽ
തന്നെ കാര്യങ്ങൾ പോയീ
കാടെല്ലാം ചാമ്പലായീ പരമഴിമതിയാൽ
നാടിനന്തസ്സുപോയീ
ചോടില്ലാപ്പാത്രമായീ ഖജനപലതരം
സംഖ്യചോന്നങ്ങുപോയീ
കോടാലിക്കൈകളായീ ചിലരു കലമരം
വെട്ടുവാൻ കൂട്ടുമായി. 102

പട്ടമന്ത്രിസഭപൊട്ടിയന്നതിനു
വട്ടമിട്ടുപലരും തരം
കിട്ടുമെങ്കിലെതിരോട്ടുകൊണ്ടിതിനെ-
യിട്ടുതട്ടുമതു തിട്ടമാം
വിട്ടുവീഴ്ചകളലട്ടുകൊണ്ടു പല-
മട്ടുചെയ്കിലുമൊരിക്കലീ
മട്ടുവിട്ടിവരെയിട്ടുകൊട്ടമിഹ
കൊമ്പനുള്ളവഴി മോഴയും. 103

ആകപ്പാടെകഴിഞ്ഞു ജാതിനിനവും
പൗരോഹിതാവേശവും
പാകത്തിൽ ഭരണംനടത്തിയിവിടെ
സ്സൃഷ്ടിച്ചിടും വിപ്ലവം
ലോകത്തീ മുതലാളിമാരുടെ വശം
സക്കാരുചേന്നാൽ വരും
ശോകംകൊണ്ടു ജനങ്ങളിന്നു "ശതകം"
ചൊല്ലാതെയില്ലേഗതി. 104

കാലത്തിൻപോക്കമാറിപ്പണിയൊരു
തരവും പററിടാതായിടുന്നാ-
ക്കാലത്തിൻ ക്രിസ്ത്യസ്ഥാൻ വിഭജനമതിനാ-
യാന്ത്രക്രവിത്തുടങ്ങും
പാലിച്ചീടട്ടെ പാവങ്ങളെയുടയവനാം
സ്വാമികാലസ്വരൂപൻ
മാലെല്ലാം തീത്തിടട്ടെ! ജനഹിതഭരണം
"സോഷ്യലിസ്റ്റാ"യിടട്ടെ!



ഇതി ശ്രീ ജനകീയശതകമഹാകാവ്യേ

കാപട്യനാരായണോനാമ

പ്രഥമശതകം സമാപ്തം.



നിവർത്തനം



ക്രൂസ്തീയതന്ത്രമറിയാത്തവർ വാക്കുകേട്ടു
ഫസ്ലാവലംബനിലയീഴവരാചരിച്ചു
മുസ്ലാ തുടങ്ങി മുസിലീമുകളുററമില്ലാ
പ്രസ്ഥാനമായതിനു "മുപ്പിരി"യെന്നുപേരും!